(സി) സർവ്വീസ് ബോട്ട് സുരക്ഷ ഉറപ്പാക്കാൻ വർഷം തോറും സർവ്വേ സർട്ടിഫിക്കറ്റ് നൽകാറുണ്ട്. ഇവ പരിപാലിക്കുന്നുണ്ടോ എന്നറിയാൻ വേണ്ടി എല്ലാ സ്ഥലങ്ങളിലും സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നു. ഇതിനായി 6 പോർട്ട് ഓഫ് രജിസ്ട്രറികളിൽ (ആലപ്പുഴ, മുനമ്പം, വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ) സർവ്വേ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്.

മതപരിവർത്തനം

144 (149) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മതപരിവർത്തനത്തിന് തുടക്കം കുറിച്ചിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്ര മതപരിവർത്തനത്തിന് നേതൃത്വം കൊടുക്കുന്നവരെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് മതപരിവർത്തനം നടന്നിട്ടുള്ളതായി പറയപ്പെടുന്നത് എവിടെയെല്ലാമാണ്; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ കാലാകാലങ്ങളായി മതപരിവർത്തനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിയമവിരുദ്ധമായി ഏതെങ്കിലും മതപരിവർത്തനം ഉണ്ടായതായ സംഭവങ്ങളോ പരാതികളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) (എ)-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ആലപ്പുഴ ജില്ലയിലെ കരീലക്കുളങ്ങര കണിച്ചുനെല്ലൂർ ലക്ഷ്മി നാരായണ കുടുംബ ക്ഷേത്രം, കായംകുളം ദേവീകുളങ്ങര പഞ്ചായത്തിലെ പിഴവൂർ കുടുംബ വക യക്ഷിയമ്പലം, കോട്ടയം ജില്ലയിലെ രാമപുരം അരീക്കര എസ്.എൻ.ഡി.പി. ശ്രീ. നാവായ സുബ്രഹ്മണ്യ ക്ഷേത്രം, പൊൻകുന്നം പുതിയകാവ് ദേവീ ക്ഷേത്രം, തിരുനക്കര ശ്രീകൃഷ്ണ ക്ഷേത്രം, കുറവിലങ്ങാട് ഉഴവൂർ കാര്യനെല്ലി ദേവീ ക്ഷേത്രം, ചിങ്ങവനം ചോഴിയക്കാട് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി പാർളിക്കാട് നടരാജഗിരി ക്ഷേത്രം എന്നീ സ്ഥലങ്ങളിൽ പുനർമതപരിവർത്തനം നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭരണഘടന അനുശാസിക്കുന്ന മതസ്വാതന്ത്ര്യം എല്ലാ വിഭാഗങ്ങൾക്കും സംസ്ഥാനത്ത് ഉറപ്പുവരുത്തുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly